പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി (ശ്രീ. സി.എം. സുന്ദരം):

(എ) 5–1–1983–ലെ 52/83/ത.സ്വ.സാ.ക്ഷേ. സർക്കാർ ഉത്തരവ് പ്രകാരം താഴെപറയുന്ന നിരക്കിലാണ് വി.ആർ.എം. ഗ്രാൻറ് അനുവദിക്കേണ്ടത്.

| | |
|---|---|
| മെറ്റൽഡ് ആൻറ് ബാക്ക് ടോപ്ഡ് റോഡ് കി.മീറ്ററിന് | 1200 |
| ഗ്രാവൽഡ് റോഡ് | 900 |
| എർത്തേൺ റോഡ് | 750 |

എന്നാൽ ഫണ്ടിൻെറ അപര്യാപ്തതമൂലം മേൽപറഞ്ഞ നിരക്കിൽ വി.ആർ.എം. ഗ്രാൻറ് കൊടുക്കാൻ സാധിക്കുന്നില്ല.

(ബി) ഇക്കാര്യം ഗവൺമെൻറിൻെറ പരിഗണനയിൽ ഉണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ

* 25 [25] ശ്രീ. കെ.പി. രാമൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

1986–87 സാമ്പത്തിക വർഷത്തിൽ പട്ടികജാതി–പട്ടികവർഗ്ഗക്കാരുടെ സാമ്പത്തികവും വിദ്യാഭ്യാസപരവുമായ ഉന്നമനത്തിനുവേണ്ടി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന പ്രത്യേക പദ്ധതികൾ ഏതൊക്കെയാണ്?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ പട്ടിക മേശപ്പുറത്തു വച്ചിരിക്കുന്നു.*

## (3) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

### മുഖ്യമന്ത്രിയുടെ ഗുരുവായൂർ യാത്ര

1 [1] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 10–6–1986–വരെ മുഖ്യമന്ത്രിയുടെ ഗുരുവായൂർ സന്ദർശനംമൂലം ഖജനാവിൽനിന്ന് ടി.എ., ഡി.എ. ഇനങ്ങളിൽ ചെലവ് വന്നിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര?

ഉത്തരം

(എ, ബി) പൊതുകാര്യങ്ങൾക്കുവേണ്ടിയുള്ള യാത്രകളോടൊപ്പമാണ് ഗുരുവായൂർ യാത്രയും ചെയ്യുന്നത്. അതുകൊണ്ട് അതിനുമാത്രമായി പ്രത്യേകമായി ഒന്നും ചെലവാക്കിയിട്ടില്ല.

* അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 25 (25) കാണുക]

പട്ടിക

പട്ടികജാതിക്കാർക്കായുള്ള പദ്ധതികൾ

എ. വിദ്യാഭ്യാസം

1. സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും.
2. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.
3. ബോർഡിങ്ങിനുള്ള ധനസഹായം.
4. പരിശീലനവും ബന്ധപ്പെട്ട പദ്ധതികളും.
5. കോസ്മോപ്പോളിറ്റൻ ഹോസ്റ്റലുകളും വെൽഫെയർ ഹോസ്റ്റലുകളും.
6. പെൺകുട്ടികൾക്കുള്ള ഹോസ്റ്റൽ.
7. മെഡിക്കൽ വിദ്യാർത്ഥികൾക്കും എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കുമുള്ള ബുക്ക് ബാങ്കുകൾ.
8. വയോജന വിദ്യാഭ്യാസം.
9. സ്കൂളുകളിലും കോളേജുകളിലും ട്യൂട്ടോറിയൽ സമ്പ്രദായം.
10. മോഡൽ റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കൽ.
11. പഠന-ഉറക്ക സൗകര്യങ്ങൾ.

ബി. സാമ്പത്തികം

1. വ്യവസായ സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള ഹരിജന സഹകരണ സംഘങ്ങൾ.
2. സ്വയം തൊഴിൽ കണ്ടെത്തുന്നവർക്കും, പുതിയ വ്യവസായം, വർക്ക്ഷോപ്പ് മുതലായവ തുടങ്ങുന്നവർക്കും മാർജിൻമണി കൊടുക്കുന്നതിനുവേണ്ടിയുള്ള ധനസഹായം.
3. വളരെ പിന്നാക്ക ഹരിജനങ്ങൾക്കുവേണ്ടിയുള്ള സംയോജിത വികസന പരിപാടി.
4. പരിശീലനത്തിനും നിർമ്മാണത്തിനുമുള്ള സ്ഥാപനങ്ങൾ
5. പട്ടികജാതിക്കാർക്കുവേണ്ടിയുള്ള സാമ്പത്തിക വികസന പരിപാടി.
6. തൊഴിൽ വിഭാഗങ്ങൾക്കുള്ള അനുകാര്യ സാമ്പത്തിക വിദ്യാഭ്യാസ വികസന പരിപാടി.

പട്ടികവർഗ്ഗക്കാർക്കായുള്ള പദ്ധതി

എ. സാമ്പത്തികം

1. വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങൾ.
2. ഉൽപ്പാദന പരിശീലന കേന്ദ്രങ്ങൾ.
3. ചിറ്റേരി വികസന പദ്ധതി.
4. കുടിയേറ്റം.

LIBRARY ARCHIVES Kerala Legislative Assembly

5. സാങ്കേതിക പരിശീലനം ലഭിച്ചവർക്ക് സബ്സിഡി.
6. ഏറ്റവും പിന്നോക്കമായ പട്ടികവർഗ്ഗക്കാർക്കുള്ള തൊഴിൽ പരിശീലനം.
7. മിശ്രവിവാഹം.
8. പ്രചാര തൊഴിലുകളിൽ പരിശീലനം.
9. കുഗ്രാമവികസനം.
10. ചെറുകിട വ്യവസായ കുതുകികൾക്കുള്ള സാമ്പത്തികസഹായം.
11. അടിമപ്പണിയിൽനിന്ന് മോചിപ്പിക്കപ്പെട്ടവരുടെ പുനരധിവാസം.
12. പദ്ധതി പ്രദേശങ്ങളിൽനിന്ന് ഒഴിപ്പിക്കപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങളുടെ പുനരധിവാസം.
13. പ്രത്യേക കേന്ദ്ര സഹായം.

ബി. വിദ്യാഭ്യാസ പദ്ധതികൾ

1. മെട്രിക്കുലേഷനു മുൻപുള്ള പഠനങ്ങൾ.
2. മെട്രിക്കുലേഷനുശേഷമുള്ള പഠനങ്ങൾ.
3. മെട്രിക്കുലേഷന് ശേഷമുള്ള സ്കോളർഷിപ്പുകൾ.
4. വസ്ത്രങ്ങൾ നൽകൽ.
5. ബോർഡിംഗിനുള്ള ധനസഹായം.
6. ട്രൈബൽ ഹോസ്റ്റലുകൾ.
7. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള യാത്രാചെലവ്.
8. വിദഗ്ദ്ധരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോൽസാഹനം.
9. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്ക് പ്രോൽസാഹനം.
10. വയോജന വിദ്യാഭ്യാസം.
11. നഴ്സറി സ്കൂൾ.
12. ബാലവാടികളും ക്രഷ്സും.
13. ട്യൂട്ടോറിയലിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഗ്രാന്റ്.
14. പട്ടികവർഗ്ഗ സ്ത്രീകൾക്ക് ഹോം സയൻസിൽ പരിശീലനം.
15. ട്യൂട്ടോറിയൽ പരിപാടി.
16. മാതൃകാ റസിഡൻഷ്യൽ സ്കൂൾ.
17. പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ.
18. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രോൽ സാഹനം.
19. പട്ടികവർഗ്ഗ സ്ത്രീകൾക്ക് പാരിക വിദ്യാഭ്യാസം.
20. പ്രത്യേക കേന്ദ്ര സഹായം.

LIBRARY ARCHIVES Kerala Legislative Assembly